**നൂതന സൈബർ ആക്രമണങ്ങൾ പ്രതിരോധിക്കാനുള്ള നിർദേശങ്ങൾ.**

ഇന്നലെ മുതൽ ആഗോളവ്യാപകമായി രണ്ടു പുതിയ തരം കമ്പ്യൂട്ടർ റാൻസംവെയറുകൾ (Ransomware) പ്രചരിക്കുന്നതായി അറിയുന്നു. കമ്പ്യൂട്ടറിൽ ഇവ ബാധിച്ചാൽ പ്രധാനപ്പെട്ട ഫയലുകളെ ഇവ ബ്ലോക്ക് ചെയ്യുന്നു, പിന്നീട് അവ തുറന്നു കിട്ടണമെങ്കിൽ ഓൺലൈൻ കറൻസി ആയ ബിറ്റ് കോയിൻ നിക്ഷേപിച്ചു മോചിപ്പിച്ചെടുക്കേണ്ട അവസ്ഥയാണ്. ബ്രിട്ടനിലെയും സ്പെയിനിലെയുമൊക്കെ സർക്കാർ സംവിധാനത്തെയും ഫെഡ് എക്സ് തുടങ്ങിയ കമ്പനികളെയും ഇവ ഗുരുതരമായി ബാധിച്ചുവെന്ന് ഈ രംഗത്തെ വിദഗ്ധർ അറിയിക്കുന്നു. ആശുപത്രി ശൃംഖലകളെയാണ് പ്രധാനമായും ഇവ ലക്ഷ്യം വച്ചിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. ഇത്തരം സൈബർ ആക്രമണങ്ങൾക്കെതിരെ ജാഗ്രത പാലിക്കേണ്ടത് അത്യാവശ്യമാണ്. അപരിചിതമായ ലിങ്കുകൾ, സംശയാസ്പദമായ ഇ- മെയിലുകൾ, അവയിലെ അറ്റാച്ച്മെന്റുകൾ എന്നിവ തുറക്കാതെ നോക്കുക, നിങ്ങളുടെ കമ്പ്യൂട്ടറിലെ ആന്റി വൈറസ് അപ്ഡേറ്റ് ചെയ്ത് വേണ്ട മുൻകരുതലുകൾ എടുക്കണം.

**അതോടൊപ്പം താഴെ പറയുന്ന നിർദേശങ്ങൾ കൂടി കൃത്യമായി പാലിക്കേണ്ടതാണ് .**

1) സംശയാസ്പദമായ സാഹചര്യത്തിൽ കിട്ടുന്ന ഇമെയിൽകൾ ഓപ്പൺ ചെയ്യുകയോ അനുബന്ധ അറ്റാച്മെന്റുകൾ തുറക്കാതിരിക്കുകയോ ചെയ്യുക.

2) വിശ്വാസയോഗ്യമല്ലാത്ത സ്രോതസ്സുകളിൽ നിന്നും വരുന്ന മെയിലുകൾ, ലിങ്കുകൾ തുടങ്ങിയവയുടെ ആധികാരികത ഉറപ്പ് വരുത്തിയ ശേഷം മാത്രം തുറക്കുക

3) വ്യക്തിപരമോ, സാമ്പത്തികമോ ആയ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അന്വേഷണങ്ങൾക്ക് മറുപടി നൽകേണ്ടതില്ല.

4) മെയിൽ സന്ദേശങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുക.

5) വ്യക്തിപരമായി പുകഴ്ത്തുന്ന മെയിലുകൾ, മനഃപൂർവം വരുത്തുന്ന പിശകുകൾ എന്നിവ സസൂക്ഷ്മം നിരീക്ഷിച്ചു മെയിലുകൾ കൈകാര്യം ചെയ്യുക.

6) ഇമെയിൽ അറ്റാച്മെന്റുകൾ സസൂക്ഷ്മം തുറക്കുക.

7) മെയിൽ വഴി ലഭ്യമാവുന്ന ഫോമുകളിൽ വ്യക്തിപരമായ വിവരങ്ങൾ നൽകാതിരിക്കുക. ഇത്തരം വിവരങ്ങൾ ട്രാക്ക് ചെയ്യപ്പെടാൻ സാധ്യത ഉള്ളതിനാൽ ആണിത്.

8) വ്യക്തിഗത വിവരങ്ങൾ കൈമാറുന്നതിന് മുൻപ് വെബ്സൈറ്റിന്റെ ആധികാരികത ഉറപ്പു വരുത്തുക.

9) ഔദ്യോഗിക ഇമെയിലുകൾ വ്യക്തിപരമായ ആവശ്യങ്ങൾ ഉപയോഗിക്കാതിരിക്കുക.

10) സമൂഹമാധ്യമങ്ങളിൽ സംശയകരമായ സാഹചര്യങ്ങളിൽ നിന്ന് ലഭിക്കുന്ന ഇമേജുകൾ, വീഡിയോകൾ തുറക്കാതിരിക്കുക.

11 ) സമ്മാനങ്ങൾ ഓഫർ ചെയ്തുകൊണ്ടുള്ള മെയിൽകൾക്ക് സാമ്പത്തിക വിവരങ്ങൾ നൽകരുത്.

12 ) ബാങ്ക് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള വിവരങ്ങൾക്ക് മറുപടി നൽകാതിരിക്കുക.

13 ) ഓൺലൈൻ ഷോപ്പിംഗ് പോലുള്ള വ്യക്തിപരമായ ആവശ്യങ്ങൾക്ക് പ്രത്യേക മെയിൽ ഐഡി ഉപയോഗിക്കുക.